

# ക്രൈസ്തവ ജീവിതം സഭയിലും സമൂഹത്തിലും

12

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

# അദ്ധ്യായം മൂന്ന്

# പെന്തക്കോസ്തു സമൂഹങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ





# പെന്തക്കോസ്തു പ്രസ്ഥാനത്തിന്റെ ആരംഭവും വളർച്ചയും

- 16–ാം നൂറ്റാണ്ടിലെ പ്രൊട്ടസ്റ്റന്റ് പിപ്ലവത്തിന്റെ ഫലമായി രൂപംകൊണ്ട സഭകളിലുണ്ടായ എതിർപ്പുകളും ഭിന്നതകളുമാണ് കാൽവനിസം, ബാപ്റ്റിസ്റ്റു റാജിക്കലിസം, മെത്തഡിസ്റ്റ് റിവൈവലിസം തുടങ്ങിയ നിരവധി പെന്തക്കോസ്തൽ സമൂഹങ്ങൾക്കു രൂപം നൽകിയത്.

**മെത്തഡിസ്റ്റു സഭാ നേതാവായ റ്റി.ബി. ബാരറ്റ് ആണ് അതിന് ആദ്യകാല നേതൃത്വം നൽകിയത്.**

# ജീവിതശൈലിയും പഠനങ്ങളും

മറുഭാഷാ പ്രാർത്ഥനയും പരിശുദ്ധാത്മാവിലുള്ള സ്നാനവും.. ആദിമക്രൈസ്തവ സമൂഹത്തിന്റെ അടിസ്ഥാനപരമായ ജീവിത ശൈലി പെന്തക്കോസ്ത സമൂഹത്തിൽ നാം കാണുന്നില്ല.

അപ്പസ്തോലിക സഭയുടെ ഹയരാർക്കിക്കൽ ഘടനയോടും ശ്ലൈഹികാധികാരത്തോടുമുള്ള വിദ്വേഷം. ക്രിസ്തുവിന്റെ യഥാർത്ഥ സഭയ്ക്ക് വലിയ ഭീഷണി ഉയർത്തുന്നവർ...

# പെന്തക്കോസ്തു പ്രസ്ഥാനം കേരളത്തിൽ

- 19–ാം നൂറ്റാണ്ടിന്റെ അവസാനനാളുകളിലാണ് കേരളത്തിൽ
- അസംബ്ലീസ് ഓഫ് ഗോഡ്, ചർച്ച ഓഫ് ഗോഡ് എന്നീ രണ്ടു വിഭാഗങ്ങളിൽ മിക്ക പെന്തക്കൊസ്തുകൂട്ടായ്മകളെയും ഉൾപ്പെടുത്താം.

- സമീപകാലത്തു രൂപംകൊണ്ട എംപറർ ഇമ്മാനുവൽ, സ്വർഗീയ വിരുന്നു സഭ, സ്പിരിറ്റ് ഇൻ ജീസസ്, കവനന്റ് കമ്മ്യൂണിറ്റി തുടങ്ങിയ സമൂഹങ്ങളെ വിശാലമായ അർത്ഥത്തിൽ പെന്തക്കോസ്ത വിഭാഗത്തിൽ പെടുത്താവുന്നതാണ്.

# പോരായ്മകളും വെല്ലുവിളികളും

1. കുദാശകളുടെ നിരസനം

- പകരം മനുഷ്യന്റെ പിരിമുറുക്കം നിറഞ്ഞ ജീവിതത്തിൽ നിന്നു കുറച്ചു സമയത്തേയ്ക്കെങ്കിലും ഒളിച്ചോടാൻ സഹായിക്കുന്ന തരത്തിൽ വൈകാരിക മാർഗങ്ങൾ അവർ ഉപയോഗിക്കുന്നു.





## 2. പാരമ്പര്യ നിഷേധം

- മിശിഹായിൽനിന്നു പഠിച്ചതും സ്വീകരിച്ചതും തലമുറകളിലേയ്ക്കു ശ്ലീഹന്മാരുടെ പിൻഗാമികളിലൂടെ കൈമാറപ്പെട്ടതുമായ ആധികാരികമായ ഒരു വിശ്വാസ സംഹിതയോ പാരമ്പര്യമോ, ദൈവസ്ഥാപിതവും കെട്ടുറപ്പുള്ളതുമായ ഒരു നേതൃത്വമോ ഇവർക്കില്ല.
- ഇവയുടെ സ്ഥാപകർ തങ്ങളുടെ അനുഷ്ഠാനങ്ങളും അനുശാസനങ്ങളും അനുയായികളുടെ മേൽ അടിച്ചേൽപ്പിക്കുന്നു.
- തെറ്റാണെന്നു ബോധ്യമായാലും പ്രബോധനങ്ങളും വ്യഖ്യാനങ്ങളും പുനർവിചിന്തനം ചെയ്യാനോ മാറ്റാനോ അവർ തയ്യാറല്ല.



## 3. അബദ്ധ പ്രബോധനങ്ങൾ

- ക്രിസ്തു സ്ഥാപിച്ച സഭയുമായുള്ള ബന്ധം വിച്ഛേദിച്ച ഈ സമൂഹങ്ങൾ സഭയുടെ വിശ്വാസ കൂട്ടായ്മ, പുണ്യവാന്മാരുടെ ഐക്യം, ബൈബിളിന്റെ കാനൻ തുടങ്ങിയ അടിസ്ഥാന സഭാപ്രബോധനങ്ങളെ നിരാകരിക്കുന്നവരാണ്.
- ബൈബിളിലെ 66 പുസ്തകങ്ങളേ അവർ സ്വീകരിക്കുന്നുള്ളൂ.
- കത്തോലിക്കാസഭയുടെ പാരമ്പര്യത്തെയും പരിശുദ്ധ കന്യാമറിയത്തെയും, വിശുദ്ധരെയും, ശുശ്രൂഷകരെയും തിരസ്കരിക്കുകയും അന്ധമായി എതിർക്കുകയും ചെയ്യുന്നു.

- “അപ്പസ്തോല പ്രവർത്തനങ്ങൾ” ആണ് തങ്ങളുടെ ജീവിതമാനദണ്ഡമെന്ന് അവർ അവകാശപ്പെടുന്നുണ്ടെങ്കിലും അതിന്റെ സംശുദ്ധമായ സാമൂഹികചൈതന്യം, സഭാവീക്ഷണം, പരിശുദ്ധാത്മോ വിജ്ഞാനിയം, രക്ഷാദർശനം എന്നിവയൊന്നും അവർ ഉൾക്കൊള്ളുന്നില്ല.
- രക്ഷിക്കപ്പെട്ട തങ്ങൾ ഇനിയൊരിക്കലും പാപത്തിൽ വീഴില്ല എന്നവർ കരുതുന്നു.
- രക്ഷയുടെ അനുഭവം വികലമായി മനസ്സിലാക്കുന്നു.
- രക്ഷ തങ്ങൾ നേടിയെടുക്കുന്നു എന്നു കരുതുന്ന അവർ രക്ഷിക്കപ്പെട്ട സമയവും തീയതിയും സ്ഥലവും എല്ലാം കൃത്യമായിപ്പറയുന്നു.

# 4. മതമൗലികവാദം

സിനിമാ കാണൽ, ആഭരണങ്ങളുടെ ഉപയോഗം, മദ്യ പാനം, പുകവലി, പൊടിവലി, പുകയിലമുറുക്ക് എന്നിവ നിരോധിക്കുന്നു.

രോഗങ്ങൾക്കു ചികിത്സ പാടില്ലെന്നു വിധിക്കുന്നു.

പ്രാർത്ഥനകൊണ്ടുമാത്രംവഴി ക്രിസ്തു രോഗം സുഖപ്പെടുത്തുമെന്നു വിശ്വസിക്കുകയും ചെയ്യുന്നു.

വ്യക്തിയെയും സമൂഹത്തെയും നശിപ്പിക്കുന്ന ചില ദുശ്ശീലങ്ങളെ ഇല്ലായ്മ ചെയ്യാൻ ഈ മൗലികവാദം ഉപകാരപ്പെടുമെങ്കിലും വെളിപ്പെടുത്തപ്പെട്ട ദൈവവചനത്തെ വിശദീകരിക്കുന്നതിലും വ്യാഖ്യാനിക്കുന്നതിലും ഇവർ പരാജയപ്പെടുന്നു.

ദൈവഹിതത്തോടും സഭയുടെ പ്രബോധനാധികാരത്തോടുമുള്ള വിശ്വസ്തതയെക്കാൾ വ്യക്തിഗതമായ സന്ദേശങ്ങളാണ് ഇവർ പ്രഘോഷിക്കുന്നതും പ്രചരിപ്പിക്കുന്നതും.

# 5. തെറ്റായ യുഗാന്ത്യോന്മുഖത

- ക്രിസ്തുവിന്റെ പുനരാഗമനം ഉടനെയുണ്ടാകുമെന്നാണ് എംപറർ ഇമ്മാനുവേൽ പോലെയുള്ള സമീപകാല കൂട്ടായ്മകളുടെ വിശ്വാസം.
- ജീവിതയാഥാർത്ഥ്യങ്ങളെ നേരിടാതെ അവയിൽ നിന്ന് ഒളിച്ചോടുന്നതിനുള്ള പ്രവണത വളർത്തുന്നതിന് ഇതു കാരണമാകുന്നു.




THANK
YOU